ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 28.02.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ ഇന്ന് കേരളത്തിലെത്തും. വിവിധ പരിപാടികളിൽ പങ്കെടുക്കും.

**The Vice President, C. P. Radhakrishnan, will arrive in Kerala today for a two-day visit. VP to participate in various programs.**

2) **HPV** വാക്സിനേഷൻ രാജ്യത്തെ സ്ത്രീ ശാക്തീകരണത്തിലെ സുപ്രധാന ചുവടുവയ്പ്പെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 14 വയസ്സുള്ള പെൺകുട്ടികൾക്കായുള്ള ഗർഭാശയഗള ക്യാൻസറിനെതിരെയുള്ള വാക്സിനേഷൻ യജ്ഞത്തിന് തുടക്കമായി.

**HPV vaccination is a significant step toward women's empowerment in the country; says Prime Minister Narendra Modi. PM launches nationwide campaign against cervical cancer vaccination for girls aged 14 years.**

3) കേരളത്തിൽ ഗർഭാശയഗള കാൻസറിനെതിരെയുള്ള **HPV** വാക്സിനേഷൻ യജ്ഞം മന്ത്രി വി. ശിവൻകുട്ടി ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

**In Kerala, the HPV vaccination campaign against cervical cancer will be inaugurated today in Thiruvananthapuram by Minister V. Sivankutty.**

4) കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് തിരുവനന്തപുരത്ത് എത്തി. ആക്കുളം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയിലെ പരിപാടിയിൽ പങ്കെടുക്കും.

**Union Minister of State Jitendra Singh has arrived in Thiruvananthapuram. He will attend a program at the Rajiv Gandhi Centre for Biotechnology in Akkulam.**

5) ഇറാനെതിരെ ആക്രമണം നടത്തി ഇസ്രയേൽ. ടെഹ്റാനിൽ സ്ഫോടനം. ഇസ്രയേലിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു.

**Israel launched an attack against Iran. Explosion in Tehran. State of emergency declared in Israel.**

6) ട്വന്റി- 20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ 8 ൽ ഇന്ന് ശ്രീലങ്ക - പാക്കിസ്ഥാൻ പോരാട്ടം.

**Sri Lanka TO face Pakistan in the ICC Men's T20 World Cup Super 8 stage today.**

**&&&&&&&&&&&&&&&&&&&&**

## VP-KERALA VISIT

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ ഇന്ന് കേരളത്തിലെത്തും. ചങ്ങനാശ്ശേരി സെൻറ് ബെർക്ക്മാൻസ് കോളേജിൻറെ ശതാബ്ദി ആഘോഷങ്ങളുടെ സമാപന ചടങ്ങിൽ അദ്ദേഹം ഇന്ന് പങ്കെടുക്കും. തൃശ്ശൂരിലെ ദേവമാത സിഎംഐ പബ്ലിക് സ്കൂളിൽ ചേതന ഗാനാശ്രമത്തിൻറെ ശിലാസ്ഥാപനം ശ്രീ സി.പി രാധാകൃഷ്ണൻ നാളെ നിർവഹിക്കും. തുടർന്ന്, പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൻറെ ശതാബ്ദി ആഘോഷങ്ങളിലും അദ്ദേഹം പങ്കെടുക്കും.

**&&&&&&&&&&&&&&&&&&&&**

## PM - HP VACCINATION (INTRO)

HPV വാക്സിനേഷൻ രാജ്യത്തെ സ്ത്രീ ശാക്തീകരണത്തിലെ സുപ്രധാന ചുവടുവയ്പ്പെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 14 വയസ്സുള്ള പെൺകുട്ടികൾക്കായുള്ള ഗർഭാശയഗള ക്യാൻസറിനെതിരെയുള്ള HPV വാക്സിനേഷൻ യജ്ഞത്തിന് പ്രധാനമന്ത്രി രാജസ്ഥാനിലെ അജ്മീറിൽ തുടക്കം കുറിച്ചു . വാക്സിനേഷനിൽ പങ്കെടുത്ത കുട്ടികളുമായി പ്രധാനമന്ത്രി ആശയവിനിമയം നടത്തി . (വോയ്സ്)

ഏകദേശം 1.15 കോടി പെൺകുട്ടികൾക്കാണ് വാക്സിനേഷൻ നൽകുന്നത്. സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പ് സൗജന്യമായി നൽകും. രാജസ്ഥാനിൽ 16,000 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികളുടെ തറക്കല്ലിടലും പ്രധാനമന്ത്രി ഇന്ന് നിർവ്വഹിച്ചു.

**&&&&&&&&&&&&&&&&&&&&**

## IMA - VACCINATION

രാജ്യത്തുടനീളം സൗജന്യ എച്ച്.പി.വി വാക്സിനേഷൻ നൽകാ നുള്ള കേന്ദ്ര സർക്കാർ തീരുമാനത്തെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സ്വാഗതം ചെയ്തു. ഗർഭാശയഗള കാൻസർ തടയുന്നതിനും ദശലക്ഷ ക്കണക്കിന് സ്ത്രീകളുടെ ആരോഗ്യവും ജീവനും സംരക്ഷിക്കുന്നതിനും നടപടി സഹായകരമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് അയച്ച കത്തിൽ IMA വ്യക്തമാക്കി.

**&&&&&&&&&&&&&&&&&&&&**

## VACCINATION - KERALA

കേരളത്തിൽ ഗർഭാശയഗള കാൻസറിനെതിരെയുള്ള HPV വാക്സിനേഷൻ യജ്ഞം മന്ത്രി വി. ശിവൻകുട്ടി ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. 14 വയസ് പ്രായമുള്ള എല്ലാ പെൺകുട്ടികൾക്കും 3 മാസത്തിനകം ഒറ്റ ഡോസ് വാക്സിൻ നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. തുടർന്ന് ദേശീയ പ്രതിരോധകുത്തിവയ്പ്പ് പട്ടികയിൽ ഉൾപ്പെടുത്തി വരുന്ന വർഷങ്ങളിൽ 14 വയസ് പൂർത്തിയാക്കുന്ന മുറയ്ക്ക് എല്ലാ പെൺകുട്ടികൾക്കും വാക്സിൻ നൽകും.

**&&&&&&&&&&&&&&&&&&&&**

## PM - GUJARAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഗുജറാത്ത് സന്ദർശിക്കും. സാനന്ദിലെ മൈക്രോൺ സെമികണ്ടക്ടർ ടെക്നോളജിയുടെ സെമികണ്ടക്ടർ അസ്സംബ്ലി, ടെസ്റ്റ് ആൻഡ് പാക്കേജിങ് ഫെസിലിറ്റിയുടെ ഉദ്ഘാടനം അദ്ദേഹം നിർവഹിക്കും.

രാജ്യത്തെ ആദ്യ മെയ്ഡ് ഇൻ ഇന്ത്യ സെമികണ്ടക്ടർ മെമ്മറി മൊഡ്യൂളുകളുടെ വാണിജ്യ ഉൽപ്പാദനത്തിനും കയറ്റുമതിക്കും ഔദ്യോഗികമായി തുടക്കം കുറിക്കുന്നതാണ് പദ്ധതി. കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവും ചടങ്ങിൽ പങ്കെടുക്കും. ശേഷം ഇന്ന് രാത്രിയോടെ പ്രധാനമന്ത്രി ചെന്നൈയിലെത്തും. നാളെ പുതുച്ചേരിയിലും മധുരയിലും വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

&&&&&&&&&&&&&&&&&&&&&&

## NATIONAL SCIENCE DAY

ഇന്ന് ദേശീയ ശാസ്ത്ര ദിനം. പ്രശസ്ത ഭൗതികശാസ്ത്രജ്ഞൻ സർ സി.വി. രാമൻ "രാമൻ എഫ്ഫക്റ്റ്" കണ്ടെത്തിയതിന്റെ സ്മരണയ്ക്കായി എല്ലാ വർഷവും ഫെബ്രുവരി 28 ന് ഈ ദിനം ആചരിക്കുന്നു. "ശാസ്ത്രത്തിലെ സ്ത്രീകൾ: വികസിത ഭാരതത്തെ ഉത്തേജിപ്പിക്കുന്നു" എന്നതാണ് ഈ വർഷത്തെ പ്രമേയം.

&&&&&&&&&&&&&&&&&&&&&&

## PM+ SHAH- SCIENCE DAY

ദേശീയ ശാസ്ത്ര ദിനത്തിൽ രാജ്യമെമ്പാടുമുള്ള ശാസ്ത്രജ്ഞർക്കും ഗവേഷകർക്കും പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉൾപ്പടെയുള്ളവർ ആശംസകൾ നേർന്നു. രാമൻ എഫ്ഫക്റ്റ് കണ്ടെത്തിയതിലൂടെ ആഗോള ഗവേഷണ ഭൂപടത്തിൽ ഇന്ത്യയ്ക്ക് സ്ഥാനം ഉറപ്പിക്കാനായതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ശാസ്ത്ര സമൂഹത്തിന്റെ നിരന്തര പരിശ്രമം രാജ്യത്തിന്റെ പാതയെ പ്രകാശിപ്പിക്കുന്നതായി കേന്ദ്ര ആഭ്യന്തരമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## GDP-BRIEFING

ആഗോള വെല്ലുവിളികളുടെ പശ്ചാത്തലത്തിലും രാജ്യത്തിന്റെ സാമ്പത്തിക രംഗത്ത് സ്ഥിരത തുടരുന്നതായി മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് വി. അനന്ത നാഗേശ്വരൻ. ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം സംബന്ധിച്ച്

ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ മൂന്ന് വർഷമായി തുടർച്ചയായി 7 ശതമാനത്തിലധികം രേഖപ്പെടുത്തുന്ന ജിഡിപി വളർച്ച സമ്പദ്‌വ്യവസ്ഥയുടെ സുസ്ഥിരതയുടെ പ്രതിഫലനമാണെന്നും ശ്രീ അനന്ത നാഗേശ്വരൻ പറഞ്ഞു.

&&&&&&&&&&&&&&&&&&&&

**ISRAEL-IRAN (EARLY)**

ഇറാനെതിരെ ആക്രമണം നടത്തിയതായി ഇസ്രായേൽ പ്രതിരോധ മന്ത്രി ഇസ്രായേൽ കാറ്റ്സ്. ഇസ്രയേലിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ഇറാന്റെ തലസ്ഥാനമായ ടെഹ്‌റാനിൽ മൂന്ന് സ്ഫോടനങ്ങൾ നടന്നതായി വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തു. പരമോന്നത നേതാവ് ആയത്തുള്ള അലി ഖമേനിയുടെ ഓഫീസുകൾക്ക് സമീപമാണ് സ്ഫോടനം ഉണ്ടായത്. പ്രത്യാക്രമ സാധ്യത പരിഗണിച്ച് ഇസ്രായേലിൽ ജനങ്ങൾക്ക് ജാഗ്രതാ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&

**VP - DELHI CONNVOCATION (INTRO)**

യുവാക്കളുടെ കഴിവും അറിവും രാജ്യ പുരോഗതിക്കായി വിനിയോഗിക്കണമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ . ഡൽഹി സർവകലാശാലയുടെ 102-ാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിനാവണം പ്രഥമ പരിഗനയെന്നും വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ യുവാക്കളുടെ പങ്ക് വളരെ നിർണ്ണായകമാണെന്നും ഉപരാഷ്ട്രപതി പറഞ്ഞു . (വോയ്സ്)

&&&&&&&&&&&&&&&&&&&&

**WB - VOTER LIST PUBLICATION**

പശ്ചിമ ബംഗാളിൽ എസ് ഐ ആറിൻറെ ഭാഗമായുള്ള അന്തിമ വോട്ടർ പട്ടിക ഇന്ന് പ്രസിദ്ധീകരിക്കും. സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരമാണ് നടപടിയെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇന്ന് ഉച്ചക്ക് ശേഷം

തിരഞ്ഞെടുപ്പ് കമ്മീഷൻറെ വെബ്സൈറ്റിൽ പട്ടിക അപ് ലോഡ് ചെയ്യുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ മനോജ് കുമാർ അഗർവാൾ അറിയിച്ചു. വെബ്സൈറ്റിന് പുറമെ ECI Net ആപ്പിലും പട്ടിക ലഭ്യമാകും.

**&&&&&&&&&&&&&&&&&&&&**

## KERALA SIR

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായി തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേര് ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്പ് വഴിയോ, ബന്ധപ്പെട്ട ബൂത്ത് ലെവൽ ഓഫീസർ വഴിയോ അപേക്ഷിക്കാം. തിരഞ്ഞെടുപ്പിനായി നാമ നിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരമുള്ളത്.

**&&&&&&&&&&&&&&&&&&&&**

## JITENDRA SINGH – TVPM

കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് തിരുവനന്തപുരത്ത് എത്തി. ഭാരതീയ വിചാര കേന്ദ്രം സ്ഥാപക ഡയറക്ടറും ചിന്തകനുമായിരുന്ന പി.പരമേശ്വരൻറെ സ്മരണാർത്ഥം സംഘടിപ്പിച്ച പരിപാടിയിൽ അദ്ദേഹം പങ്കെടുത്തു. ആക്കുളത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി കാമ്പസിലെ ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് സൗകര്യത്തിന്റെ നിർമ്മാണോദ്ഘാടനം അദ്ദേഹം ഉച്ചയ്ക്ക് ശേഷം നിർവഹിക്കും. റീകോമ്പിനന്റ് സെല്ലുകൾക്കും സെൻസറുകൾക്കുമുള്ള ദേശീയ സംവിധാനം നാടിനു സമർപ്പിക്കുന്ന ശ്രീ. ജിതേന്ദ്ര സിംഗ്, വാർഷിക ശാസ്ത്ര ദിന പരിപാടിയും ഉദ്ഘാടനം ചെയ്യും.

**&&&&&&&&&&&&&&&&&&&&**

## WAYANAD

വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതർക്കുള്ള ടൗൺഷിപ്പിൻ്റെ ഉദ്ഘാടനം നാളെ നടക്കും. രാവിലെ 11 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിക്കും. 178 കുടുംബങ്ങൾക്കാണ് ആദ്യഘട്ടത്തിൽ വീട് നൽകുന്നത്.

&&&&&&&&&&&&&&&&&&&&

## CRICKET

ട്വൻറി- 20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ 8 ൽ ഇന്ന് ശ്രീലങ്ക പാക്കിസ്ഥാനെ നേരിടും. രാത്രി 7 ന് ശ്രീലങ്കയിലെ പല്ലെക്കെലെ അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ആണ് മത്സരം . ഇന്നലെ നടന്ന മത്സരത്തിൽ ന്യൂസിലന്റിനെ ഇംഗ്ലണ്ട് നാല് വിക്കറ്റിനു പരാജപ്പെടുത്തിയിരിന്നു .

&&&&&&&&&&&&&&&&&&&&

## CBI-EXCISE CASE

ഡൽഹി മദ്യനയവുമായി ബന്ധപ്പെട്ട അഴിമതിക്കേസിൽ ആം ആദ്മി പാർട്ടി ദേശീയ കൺവീനർ അരവിന്ദ് കെജ്രിവാൾ, മനീഷ് സിസോദിയ എന്നിവർ ഉൾപ്പെടെയുള്ളവരെ വെറുതെ വിട്ട വിചാരണ കോടതി നടപടിക്കെതിരെ സിബിഐ ഡൽഹി ഹൈക്കോടതിയെ സമീപിച്ചു. വിചാരണ കോടതി വിധി വന്ന് മണിക്കൂറുകൾക്കകമാണ് സിബിഐയുടെ നീക്കം. കേസിൽ അരവിന്ദ് കെജ്രിവാൾ, മനീഷ് സിസോദിയ, കെ. കവിത എന്നിവരുൾപ്പെടെ 23 പേരെ വിചാരണ കോടതി വെറുതെ വിട്ടിരുന്നു.

&&&&&&&&&&&&&&&&&&&&

## CARNEY INDIA VISIT

ലോകത്ത് അതിവേഗം വളരുന്ന പ്രധാന സാമ്പത്തിക ശക്തിയാണ് ഇന്ത്യയെന്ന് കാനഡ പ്രധാനമന്ത്രി മാർക്ക് കാർണി സമൂഹമാധ്യമത്തിൽ കുറിച്ചു. നാലു ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ഇന്നലെയാണ് അദ്ദേഹം മുംബൈയിൽ എത്തിയത്. മുംബൈയിൽ ഇന്ത്യാ-കാനഡ C E O മാർ, വ്യാവസായിക-സാമ്പത്തിക വിദഗ്ധർ, അധ്യാപകർ തുടങ്ങിയവരുമായി അദ്ദേഹം ഇന്ന് സംവദിക്കും. നാളെ

ന്യൂഡൽഹിയിലെ ഹൈദരാബാദ് ഹൗസിൽ, പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി മാർക്ക് കാർണി പ്രതിനിധിതല ചർച്ചകൾ നടത്തും.

&&&&&&&&&&&&&&&&&&&&

**UNSG AFGAN-PAK**

അഫ്ഗാൻ- പാക് സംഘർഷത്തിൽ ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ആശങ്ക രേഖപ്പെടുത്തി. ശത്രുത ഉടൻ അവസാനിപ്പിക്കണമെന്ന് സെക്രട്ടറി ജനറൽ ഇരു രാജ്യങ്ങളോടും ആവശ്യപ്പെട്ടു.

അതേസമയം പാകിസ്ഥാനുമായുള്ള സംഘർഷം ചർച്ചകളിലൂടെ പരിഹരിക്കാൻ തയ്യാറാണെന്ന് അഫ്ഗാനിസ്ഥാൻ അറിയിച്ചു. സൗദി അറേബ്യൻ വിദേശകാര്യ മന്ത്രി ഫൈസൽ ബിൻ ഫർഹാൻ അൽ സൗദുമായി നടത്തിയ ടെലഫോൺ സംഭാഷണത്തിലാണ് അഫ്ഗാൻ വിദേശകാര്യ മന്ത്രി ഇക്കാര്യം അറിയിച്ചത്.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&&&